**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5376** **03-11-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശ പരിപാലന നിയമത്തിൽ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി മുൻപ് കായൽ ദ്വീപ് എന്ന വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 1996, 2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം രാമന്തളി ഗ്രാമപഞ്ചായത്ത് CRZ III ൽ ഉൾപ്പെടുന്നു. |
| (ബി) | നാല് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന രാമന്തളി ഗ്രാമപഞ്ചായത്തിനെ കായൽ ദ്വീപ് വിഭാഗത്തിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരമുള്ള കരട് തീരദേശ പരിപാലന പ്ലാനിന് അന്തിമ രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുവാൻ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ള പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാനിൽ രാമന്തളി ഗ്രാമപഞ്ചായത്തിനെ CRZ III ലെ വികസന നിഷിദ്ധ മേഖലയായും, CRZ III B ആയുമാണ് പരിഗണിച്ചിട്ടുള്ളത്. കായൽ ദ്വീപ് സംബന്ധിച്ച വിഷയം തീരദേശ പരിപാലന അതോറിറ്റി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ